(ബി) ഇവ പരിശോധനയ്ക്ക് വിധേയമാക്കി തീർപ്പുകല്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര എണ്ണം തീർപ്പുകല്പിച്ചുവെന്നും ഇതുമൂലം എത്ര രൂപയുടെ നികുതി ചോർച്ച കണ്ടെത്തിയെന്നും വ്യക്തമാക്കുമോ;

(ഡി) നികുതി വെട്ടിപ്പുകൾ തടയുന്നതിന് സോഫ്റ്റ്വെയർ പുതുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

പ്രളയ സെസ്

62(5219) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്കുസേവന നികുതിക്കൊപ്പം പ്രളയ സെസ് ഏർപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

2019 ഓഗസ്റ്റ് 1 മുതലാണ് സംസ്ഥാനത്ത് ചരക്കുസേവന നികുതിക്കൊപ്പം പ്രളയ സെസ് ഏർപ്പെടുത്തിയത്.

(ബി) ഉത്പന്നങ്ങൾക്ക് എത്ര ശതമാനം വീതമാണ് പ്രളയ സെസ് ഏർപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കാമോ?

30-6-2017-ലെ എസ്.ആർ.ഒ. 360/2017-ൽ ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണ്ണം, വെള്ളി മുതലായവ) കൈമാറ്റങ്ങൾക്ക് 0.25% പ്രളയ സെസ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു.

(സി) ഇതിലൂടെ ലക്ഷ്യംവച്ചിരുന്ന തുകയേക്കാൾ കൂടുതൽ പിരിഞ്ഞു കിട്ടിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് (ഖണ്ഡിക 256) പ്രളയ സെസ് മുഖേന പ്രതിവർഷം 600 കോടി രൂപ അധിക വരുമാനം വരുമെന്നാണ് പ്രതീക്ഷിച്ചത്. 1-8-2019 മുതൽ 30-6-2021 വരെയുള്ള കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly